"ഭരണഭാഷ - മാതൃഭാഷ"

നം.ബി- 865/23

താലൂക്ക് ആശുപത്രി,
തിരുവല്ല, പിൻ - 689101
Mail ID: thqhtvl@gmail.com
Phone: 0469 2602494
തീയതി.07.03.203

# ടെണ്ടർ പരസ്യം

വിഷയം:- താലൂക്ക് ആശുപത്രി തിരുവല്ലയിൽ കെ.എ.എസ്.പി, ആർ.ബി.എസ്.കെ, എകെ, ജെ.എസ്.എസ്.കെ, മെഡിസെപ് എന്നീ പദ്ധതികൾ പ്രകാരം 2023-24 വർഷത്തേക്ക് ഓർത്തോ ഇംപ്ലാന്റ്സ്, സ്യൂച്ചർ മെറ്റീരിയൽസ്, ആക്സസെറീസ് എന്നിവ സപ്ലൈ ചെയ്യുന്നതിന് ബന്ധപ്പെട്ട് സ്ഥാപനങ്ങളിൽ നിന്ന് ദർഘാസുകൾ ക്ഷണിക്കുന്നത്- സംബന്ധിച്ച്-

തിരുവല്ല താലൂക്ക് ആശുപത്രിയിലേക്ക് 2023-24 വർഷത്തേക്ക് കെ.എ.എസ്.പി, ആർ.ബി.എസ്.കെ, എകെ, ജെ.എസ്.എസ്.കെ,മെഡിസെപ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട രോഗികൾക്ക് 2023-24 വർഷത്തേക്ക് ഓർത്തോ ഇംപ്ലാന്റ്സ്, സ്യൂച്ചർ മെറ്റീരിയൽസ്, ആക്സസെറീസ് എന്നിവ ലഭ്യമാക്കുന്നതിന് താല്പര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെണ്ടർ ഫോമുകൾ 07/03/2023 മുതൽ 22/03/2023 വരെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകൾ 23/03/2023 പകൽ 11 മണിക്ക് മുൻപായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോം ആവശ്യമുള്ള സ്ഥാപനങ്ങൾ ടെണ്ടർ ഫോമിന്റെ വിലയായ 700/- രൂപയുടെ ചെല്ലാൻ 0210-01-020-96 എന്ന ശീർഷകത്തിലും ടെണ്ടർ വിലയുടെ 6% സി.ജി.എസ്.റ്റി 8658-00-102-96-038 എന്ന ശീർഷകത്തിലും 6% ജി.എസ്.റ്റി 006-00-101-01 എന്ന ശീർഷകത്തിലും ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാൻ എന്നിവ സഹിതം വേണം ടെണ്ടർ ഫോമിന് അപേക്ഷിക്കാൻ. പൂരിപ്പിച്ച ടെണ്ടർ ഫോമുകൾ, നിരതദ്രവ്യമായ 5,000/- രൂപയുടെ ഡിഡി സഹിതം മുദ്രവെച്ച കവറിൽ 23/03/2023 ന് രാവിലെ 11.00 വരെ സ്വീകരിക്കുന്നതാണ്. .

നിശ്ചിത തീയതിക്കകം ലഭിച്ച ടെണ്ടറുകൾ 23/03/2023 ന് പകൽ 2.00 മണിക്ക് ദർഘാസുകൾ നൽകിയവരുടെയോ അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ഏറ്റവും കൂടുതൽ സാധനങ്ങൾക്ക് കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതാണ്. ഇവർ മറ്റ് സാധനങ്ങളും ഇതര സ്ഥാപനങ്ങൾ നൽകിയ കുറഞ്ഞ നിരക്കിൽ സപ്ലൈ ചെയ്യേണ്ടതാണ്. സാധനങ്ങളുടെ ലിസ്റ്റ് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്.

ദർഘാസ് നോട്ടീസ് റദ്ദ് ചെയ്യുന്നതിനും നിബന്ധനകൾ പാലിക്കാത്ത ദർഘാസുകൾ നിരസിക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ആഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. (സമർപ്പിക്കുന്ന ടെണ്ടറിന്റെ പേര്/ഫയൽ നമ്പർ മുദ്രവച്ച കവറിനു മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.)

സൂപ്രണ്ട്.

പകർപ്പ്:
1. നോട്ടീസ് ബോർഡ്
2. ആരോഗ്യവകുപ്പു ഡയറക്ടറുടെ വെബ് സൈറ്റിൽ
3. ജില്ലാ ഇൻഫർമേഷൻ ആഫീസർ, പത്തനംതിട്ട
4. .നോട്ടീസ് ബോർഡ് , ജില്ലാ മെഡിക്കൽ ആഫീസ്
5. മുൻസിപ്പൽ ആഫീസ്, തിരുവല്ല
6. താലൂക്ക് ആഫീസ്, തിരുവല്ല

താലൂക്ക് ആസ്ഥാന ആശുപത്രി TALUK HEAD QUARTERS HOSPITAL THIRUVALLA